# അളന്നെടുക്കാം ഏതു ദുഃഖത്തേയും

ഡോ. ഹേമമാലിനി എം

**രാ**ത്രികൾ പടികയറി വരുന്നതിന് ഒരു വ്യവസ്ഥയുമില്ല. ബാല്യത്തിൽ വിളക്കിനു മുന്നിലെ നാമജപങ്ങൾക്കും വായിലേയ്ക്കു നീട്ടുന്ന ചോറുരുളകൾക്കുമിടയിൽ കുഞ്ഞിക്കണ്ണുകളിലേയ്ക്കു രാത്രി കയറി വരും. രാത്രിക്കു കുട്ടികളിൽ വേർതിരിവുകളില്ല. പേടി സ്വപ്നങ്ങളും ഉറക്കപ്പേച്ചും എല്ലാം ഒരുപോലെ...

പിന്നെ കുട്ടിയുടുപ്പുകൾ പാവാടകളിലേയ്ക്കു വളർന്നപ്പോൾ, പകൽ വെളിച്ചത്തിന്റെ സ്വാതന്ത്ര്യത്തിൽ കൂട്ടംകൂടി നിന്ന ഞങ്ങൾ കൂട്ടുകാരികൾ തീക്ഷ്ണമായ ചില നോട്ടങ്ങളിൽ പൊള്ളി, വർത്തമാനം പാതി നിർത്തി, കോർത്തു പിടിച്ച കൈകൾ തട്ടിക്കളഞ്ഞ് വീടുകളിലേയ്ക്കോടിക്കയറും. അതുവരെ ചിരിച്ചു നിന്നിരുന്ന സന്ധ്യ വിതുമ്പി വിതുമ്പി ഇടറി പടിയിറങ്ങും. പെൺകുട്ടികൾ തഴുതിട്ട വാതിലിനകത്തേക്ക്... ആൺകുട്ടികൾ സ്വതന്ത്രരായി നിലാനടത്തത്തിലേയ്ക്ക്... പിന്നെ ചോദ്യങ്ങൾ, ഓർമ്മപ്പെടുത്തലുകൾ... മുറിയുടെ ജനലുകൾ അടച്ചില്ലേ?

പെൺരാത്രികൾ നിശ്ശബ്ദമാകണം. നിശാശലഭത്തിന്റെ അതിലോലമായ ചിറകിളക്കങ്ങൾ, ധ്യാനത്തിൽ നിന്നുണർന്ന ഉണ്ണിപ്പൂവുകൾ തട്ടിത്തൂവിയ വാസനത്തൈലം. വീതം വച്ച നിറവും മണവുമായി കാറ്റ് അടച്ചിട്ട ജനലിന്നപ്പുറം ഏറെനേരം കാത്തുനിൽക്കും. പിന്നെ എനിക്കറിയാം. എന്റെ വീതം കൂടി ആർക്കൊക്കെയോ പകുത്തുകൊടുക്കും.

വാതിൽ വലിച്ചടച്ച് ജനലുകൾ കൊളുത്തിട്ട് ലോകത്തെ പടിപ്പുറത്താക്കുന്ന രാത്രികൾ പ്രിയപ്പെട്ടവയാണ്. അപ്പോൾ പകൽലോകം ഏറ്റവും തീവ്രമായി മുറിയ്ക്കകത്തേക്ക് തള്ളിക്കയറിവരും. പകലിലെ പരിക്കുകൾ, പരിഭവങ്ങൾ, പരാതികൾ, താക്കീതുകൾ...പെൺകുട്ടി





കൾക്കു പകലെന്നാൽ ഒത്തുതീർപ്പുകളാണ്. രാത്രി ഏറ്റുപറച്ചിലുകളും. പ്രേക്ഷകരില്ലാത്ത സ്വന്തം മുറിയിലെത്തുമ്പോൾ മനസ്സ് തേങ്ങും: കുഞ്ഞുകിനാക്കൾ, ഇത്തിരിയിഷ്ടങ്ങൾ എല്ലാം പകൽവെളിച്ചത്തിന്റെ അടക്കഒതുക്കങ്ങളിൽ കരിച്ചുകളഞ്ഞില്ലേ? പുറത്തെടുക്കാൻ ഭയന്ന സ്വപ്നങ്ങൾ ചിറകുവച്ച് പറന്നുപോയി മുല്ലയും പവിഴമല്ലിയുമാകും. പാതി പറഞ്ഞതും പറയാതെ പോയതുമായ ഇടറിയ വാക്കുകൾ കാറ്റിലലിയും. പിന്നെ വക്കുപൊട്ടിച്ചാടിയ മിഴിനീർത്തുള്ളികൾ ഉരുണ്ടുരുണ്ട് പൂവുകളിലേയ്ക്കോടിക്കയറും. ഇങ്ങനെ അടച്ചിട്ട വാതിലിനകത്തെ പെൺമനസ്സുകളല്ലേ നിശാസൗന്ദര്യമാകുന്നത്!

നഗരത്തിലെ ഇത്തിരി മണ്ണിലായതുകൊണ്ട് എനിക്കു നഷ്ടമായത് കുറേ ഇടവഴികളാണ്. രാത്രിയിൽ പാട്ടുകൾ കേട്ട് കേട്ട്, കഥകൾ വായിച്ച് വായിച്ച് കുറേ കിനാവഴികൾ തീർത്തിട്ടുണ്ട്. തിരുവാതിരത്തലേന്ന് ചൂട്ടു കത്തിച്ച് പാട്ടുപാടി ആ വഴികളിലൂടെ കുളിക്കാൻ പോയി. പകലുകളിൽ പുറത്തെടുക്കാൻ കഴിയാതിരുന്ന ഇഷ്ടങ്ങളോരോന്നും ഇടവഴികളിൽ നിന്നു കുന്നിമണികളായി പെറുക്കിയെടുത്തു. ചന്തം നോക്കി. ചെവിയിൽ ചേർത്തുവച്ച റേഡിയോയിൽ നിന്നു 'എന്റെ മൺവീണയിൽ കൂടണയാനൊരു മൗനം പറന്നു പറന്നു വന്നു, കൂടുതൽ കൂടുതൽ തരളിതയാക്കി. രാത്രികൾ വായനയുടേതാണ്. പ്രത്യേകിച്ച് മഴരാത്രികൾ. എനിക്കു ചുറ്റും ലോകമുറങ്ങുമ്പോൾ ഏടുകളിൽ നിന്നു അവർ ഇറങ്ങിവരും. മിഠായിപ്പൊതിയുടെ മധുരം വിട്ട് എം.ടിയുടെ കഥകൾ വായിച്ച് ഞാൻ തന്നെ ഒരു സങ്കടമരമായി. നെയ്പായസത്തിന്റെ കണ്ണീരിൽ വരികൾ അവ്യക്തമായി. പിന്നെ ഇടിവെട്ടും മിന്നലുമായി സച്ചിദാനന്ദൻ, നെരൂദ...

രാത്രി പിന്നേയും രാത്രിയാകുമ്പോൾ എന്റെ മുറി ഒരു കുമ്പസാരക്കൂടാകും. ആകാശത്തു നിന്നു നിലാവ്പോലെ മുടിയുള്ള എന്റെ മുത്തശ്ശി ഇറങ്ങിവരും. മാനത്തു നിന്നു വരുന്നതുകൊണ്ടാകും കണ്ണുകളിലെ നക്ഷത്രങ്ങൾ ദിവസവും തിളങ്ങിക്കൊണ്ടേയിരിക്കും. പിന്നെ മുത്തശ്ശിയോടുള്ള ഏറ്റുപറച്ചിലുകളാണ്. പറഞ്ഞു പഠിപ്പിച്ച അടക്കഒതുക്കങ്ങളെ വിട്ട് വർണ്ണച്ചിറകുകളും വീശി എന്നും മനസ്സ് കുറേ പാറിപ്പറന്നിട്ടുണ്ടാകും. പറഞ്ഞാൽ കേൾക്കാത്ത കുരുത്തംകെട്ട പറക്കൽ. കുട്ടിക്കാലത്തു ആവശ്യത്തിലധികം നിറങ്ങൾ ചേർത്തു കഥകൾ പറഞ്ഞു തന്നിട്ടുള്ള മുത്തശ്ശിക്ക് എല്ലാം മനസ്സിലാകും. അതുകൊണ്ട് ധൈര്യമായി പറയും. ഈശ്വരൻ പോലും അറിയാൻ പാടില്ലാത്ത ഭീകരഇഷ്ടങ്ങൾ... എല്ലാം കേട്ട് ഊഞ്ഞാൽക്കാതുകളാട്ടി പറയും.. "പതുക്കെ...പതുക്കെ..."

(ഇപ്പോൾ പറയാൻ പേടിക്കുന്ന സുന്ദരസ്വപ്നങ്ങൾ കാണാത്തതുകൊണ്ടോ ഒരു സ്വപ്നവും മനസ്സിനെ പരിഭ്രമിപ്പിക്കാത്തതുകൊണ്ടോ എന്തോ മുത്തശ്ശി വരാറില്ല. തീരുമാനവും തീർപ്പു കല്പിക്കലും ആശ്വാസവും എല്ലാം തനിയെത്തന്നെ മതി എന്നു കരുതിയിരിക്കും.) അടുത്ത

പകലിൽ വീണ്ടും ചുളിവു വീഴാതെ തേച്ചുമിനുക്കിയ യൂണിഫോമിന കത്ത് കയറി സ്കൂളിലേയ്ക്ക്... മര്യാദയോടെ.

ജീവിതം പകുത്തെടുക്കാൻ ആളെത്തിയതോടെയാണ് ജനൽപ്പാളി കൾ രാത്രിയിലേക്കു തുറന്നത്. ഏതൊക്കെയോ പൂമണങ്ങളുമായി ചുറ്റി പറ്റിനിന്ന കാറ്റ് നിലാവിന്റെ കൈപിടിച്ച് അകത്തേക്കോടിക്കയറി. പക്ഷേ ജാലകക്കാഴ്ചയിലൂടെ പഴയ സങ്കല്പലോകങ്ങളെ ഒത്തുനോക്കാൻ തോന്നിയില്ല. പിന്നെ സ്വന്തമായൊരു കൂടൊരുക്കത്തിന്റെ ആകാംക്ഷ കളുമായി നഗരത്തിലെത്തിയ ദിവസം. അന്നു രാത്രി തന്നെ പേടിക്കാ നൊന്നുമില്ലെന്നു ധൈര്യപ്പെടുത്തി സുഹൃത്ത് നൈറ്റ്ഡ്യൂട്ടിക്ക് പോയി. അന്നു പഴയ രാത്രി സാമ്രാജ്യത്തിലെ സ്വപ്നങ്ങളൊന്നും കൂട്ടുവന്നില്ല. ജനലുകൾ കൊട്ടിയടച്ച് ഓരോ ഇലയനക്കത്തിലും പേടിച്ച് പേടിച്ച് രാത്രി നീണ്ടുപോയി. അങ്ങനെയാകണം സ്വപ്നങ്ങൾ പിണങ്ങിപ്പോയത്. പിന്നെ മോളെത്തിക്കഴിഞ്ഞപ്പോൾ ഉറക്കം ഞെട്ടിയ പിളുന്തുകരച്ചിലു കൾക്കും കുഞ്ഞിച്ചിരികൾക്കുമിടയിൽ വേറൊന്നിനും പ്രവേശമില്ലാ തായി.

കാലം പരിചയപ്പെടുത്തിയ കുറേ മുഖങ്ങൾ. കണ്ട് കണ്ട്, പകൽച്ചി രിയിൽ അലിയാതെ ബാക്കിയാകുന്ന പെൺമുഖങ്ങളിലെ സങ്കടരാത്രി രേഖകൾ അത്ഭുതമല്ലാതായി. പകൽച്ചിരി കടം വാങ്ങാൻ എത്രയെത്ര കളവുകൾ പണയം വയ്ക്കണം? ഒന്നും ചെയ്യാനില്ലാത്ത ബോറൻ പക ലുകളിൽ കൂട്ടായിരുന്നു ഹെലൻ. പ്രണയിച്ച് വീടുപേക്ഷിച്ചു വന്ന ഒരു പെൺകുട്ടിക്ക് പ്രതീക്ഷിക്കാവുന്ന ഭർത്തൃഗൃഹത്തിലെ ഇഷ്ടക്കുറവും ഭർത്താവിന്റെ ഇഷ്ടക്കൂടുതലും ധാരാളം നിറം ചേർത്ത് അവൾ പറയു മായിരുന്നു. ആറുമാസം പ്രായമായ കുഞ്ഞു മരിച്ചപ്പോൾ പോലും വരാ തിരുന്ന വീട്ടുകാരുടെ പക പറഞ്ഞ് കരയുമെങ്കിലും, എന്നും സന്ധ്യ യ്ക്കു പൂ ചൂടി ഭർത്താവിനെ കാത്തുനിൽക്കുമ്പോൾ അവളുടെ കണ്ണു കൾക്ക് അസാധാരണ തിളക്കമായിരുന്നു. ഭർത്താവിനു അവളോട് ഇപ്പോഴുമുള്ള അനുരാഗമാണ് ഈ നക്ഷത്രത്തിളക്കം എന്നാണ് അവ ളെന്നെ ബോധ്യപ്പെടുത്തിയിരുന്നത്. ആദ്യപ്രസവത്തിനു ഞാൻ നാട്ടി ലേക്കു വരുമ്പോൾ ഓടിവന്നു മുടിക്കെട്ടിൽ മുല്ലപ്പൂമാല തിരുകി ഉമ്മ വച്ചു. മുൻപേ അവൾ പ്രവചിച്ചപോലെത്തന്നെ മിഥുനമാസത്തിലെ മഴ ക്കാലത്ത് മോളുവന്നു. രണ്ട് നാൾ കഴിഞ്ഞ് ഒരു വാർത്തയും. രാത്രി ഉറങ്ങിയില്ല. പ്രതീക്ഷിച്ചപോലെത്തന്നെ മുല്ലപ്പൂമണവുമായി അവൾ വന്നു. കരഞ്ഞു പറഞ്ഞു: ശ്വാസം മുട്ടിച്ചായിരുന്നു. വേറാരുമല്ല, ലോറൻസ് തന്നെ. അപ്പോഴും പണ്ട് പകലിൽ പറഞ്ഞതൊന്നും അവൾ തിരുത്തിയില്ല. "നോക്ക്...സ്നേഹിച്ച് സ്നേഹിച്ചല്ലേ ശ്വാസം മുട്ടിച്ചത്..." കരഞ്ഞു ചിരിച്ചു. ചിരിച്ച് ചിരിച്ച് രണ്ട് മുല്ലമൊട്ടുകൾ മോളുടെ ചുണ്ടിൽ പതിച്ച് വച്ച് അവൾ പോയി. എന്റെ നെഞ്ചിൽ സങ്കടം വിങ്ങി. സങ്കടം വിങ്ങിയാൽ മുലപ്പാൽ വറ്റുമെന്നു പേടിച്ച് കുഞ്ഞുമോളെ ചേർത്തുപി





ടിച്ച് സങ്കടമൊക്കെ കരഞ്ഞൊഴുക്കി. കഴുത്ത് ഞെരിച്ച് കൊന്നു രാത്രി മുഴുവൻ കാവലിരുന്നു. ആരൊക്കെയോ സ്വാധീനിച്ച് അനാഥശവമാക്കി അടക്കം ചെയ്യുന്ന അനുരാഗത്തിന്റെ ഭാഷ, അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല. അവൾ പകൽ എന്നോട് വിവരിക്കുന്ന രാത്രിയിലെ അടച്ചിട്ട വാതിലിനകത്തെ അനുരാഗനാടകം ഇങ്ങനെയൊക്കെയാണ് അവസാനിച്ചത്. എന്തിനാണവൾ സ്നേഹനുണകൾ പറഞ്ഞത്. ആഴ ത്തിലത്രയും ആഴ്ന്നുപോയ വേരുകൾ പറിച്ച് പൊടിഞ്ഞുവന്ന ചോര ത്തുള്ളികൾ കാണ്ടില്ലെന്നു നടിച്ച് ഒരു പകലിൽ പ്രണയത്തിന്റെ കൈ പിടിച്ച് വന്നത് എന്തിനായിരുന്നു? വേരുകളുടെ ജാതകം രാത്രിയിൽ വായിക്കാനുള്ളതാണ്... ദുരിതരാശികൾ പുറത്തറിയില്ല.

ഉജ്ജയിനിയിലെ വേനലവധികൾ. തീവ്രവേനലിൽ കുറേ വൈകി യാണ് രാത്രി വരിക. നിന്നു കത്തി മതിയാകാത്ത പകലിനോട് മത്സരി ക്കാനാകാതെ പതുക്കെ പതുങ്ങി വരുന്ന നിലാവ്. വേതാളത്തെ തോള ത്തിട്ട് വിജനമായ തെരുവുകളിലൂടെ നടന്നുപോകുന്ന വിക്രമാദിത്യരാ ജാവിന്റെ കാലടിശബ്ദങ്ങൾ ഇപ്പോൾ കേൾക്കാമെന്നു കാതോർക്കാൻ ഒരു രസം. പാതിരാത്രിയിലും തെരുവിൽനിന്നുയരുന്ന പാദസ്സരകിലു ക്കങ്ങൾ. മേഘത്തിനു സ്വർഗ്ഗത്തിന്റെ ഖണ്ഡമോ എന്നു നീ തെറ്റിദ്ധരി ക്കുമെന്നു യക്ഷൻ പരിചയപ്പെടുത്തിയ ഇടമാണ്. ഇവിടെ ഇന്നും രാത്രി സഞ്ചാരസ്വാതന്ത്ര്യമുള്ള 'ചെമ്പരത്തിച്ചാറുപുരണ്ട കാലടികളുള്ള സുന്ദ രിമാരെ' കാണാൻ തിടുക്കപ്പെട്ട് നോക്കിയപ്പോൾ ജനൽച്ചതുരങ്ങൾക്കു പുറത്ത് മുഷിഞ്ഞ ചേലകളിൽ വീണ കാലടികൾ നീട്ടിവച്ച് വെള്ളക്കു ടങ്ങളുമായി നീങ്ങുന്ന കരിഞ്ഞുണങ്ങിയ പ്രേതക്കോലങ്ങളുടെ നീണ്ട നിര. രാത്രികളിൽ വ്രീളാവിവശരാകുന്ന കാളിദാസന്റെ സുന്ദരികളുടെ പരമ്പരകൾ ഈ രാത്രികളിൽ മേഘക്കനിവു തേടി നിശ്ശബ്ദരായി നടന്നു കൊണ്ടേയിരിക്കുന്നു. ഒരു ദിവസം രാത്രിയിൽ പൊടുന്നനെ ആ യാത്ര മുറിഞ്ഞു. വിവാഹത്തിന്റെ രണ്ടാം മാസം സ്വയം മരണത്തിലേക്കു നട ന്നുപോയ പെൺകുട്ടിയെ കാണാൻ. കണ്ടിറങ്ങി വീണ്ടും അതേ അച്ച ടക്കത്തിൽ തുടരുന്ന യാത്ര. എന്തേ ഒരു സ്വയംഹത്യ? ആരിലും ചോദ്യ ങ്ങളില്ല. നെടുവീർപ്പുകൾ പോലുമില്ല... പുറത്തറിയിക്കാത്ത ആന്തലു കൾ തൊട്ടെത്തിയ കാറ്റിൽ ആത്മാവ് ഉരഞ്ഞുനീറി. ജനലുകൾ ചേർത്ത ടച്ചു. രാത്രികൾ പെൺചുണ്ടുകൾ മുദ്രവയ്ക്കുന്നു. രാത്രിയുടെ നഗ്നത യിലാണ് ജീവിതത്തിന്റെ ചിതകൾ കത്തിയമരുന്നത്.

ഇരുട്ട് കണ്ണീർപ്പുഴകളെ വടിച്ചെടുക്കും, വലിച്ചെടുക്കും. ഏതു ദുഃഖവും രാത്രി കൊണ്ടളക്കാം. ദീർഘമായ തീവണ്ടി രാത്രികളിൽ ചില മിന്നൽ കാഴ്ചകളുണ്ട്. രാത്രിക്ക് കാവൽ നിന്നു നീരുവച്ച ചില മുഖ ങ്ങൾ. ഇരുണ്ട സ്റ്റേഷനുകളിൽ നിന്നു അവർ കയറും; പൂക്കൊട്ടകളു മായി. ഉറക്കത്തിലാഴ്ന്നുപോയ യാത്രക്കാർ നീണ്ട ഒരു ശ്വാസമെടുത്ത് തിരിഞ്ഞുകിടന്നു വീണ്ടും ഉറങ്ങും. പൂക്കാരികൾ വാതിലിന്നടുത്ത് ഇട

നാഴിയിൽ തൂങ്ങിയിരുന്ന് സംസാരിച്ചുകൊണ്ടിരിക്കും. പഴിപറച്ചിൽ, പതം പറച്ചിൽ. അവരുടെ മുഖങ്ങൾ, രാത്രി വിരിഞ്ഞ് ഉറക്കം കെടുത്തിയ പൂക്ക ളോടുള്ള അരിശംകൊണ്ട് കറുത്തിരിക്കും. പൂക്കൾ അപ്പോഴും ചിരി ക്കുകയാകും. രാത്രി കഴിയാറാകുമ്പോൾ തൊട്ടടുത്ത സ്റ്റേഷനുകളിൽ ഇറങ്ങാൻ കയറുന്ന സ്ത്രീകൾ അവരും ഇടനാഴികളിൽ കുത്തിയി രിക്കും. അതു വഴി കടന്നുപോകുന്ന തീവണ്ടിയിലെ ആദ്യത്തെ ചായ വില്പനക്കാരന്റെ അനാവശ്യമായ ചുമയും ചിരിയും അറിയാതെ അവ രപ്പോൾ രാത്രിയിലെ അഭിനയച്ചിരികൾ അഴിച്ചു വച്ച് വായ് പാതി തുറന്നു മയങ്ങും. അടുത്ത പകലിൽ, സന്ധ്യയിൽ, എല്ലാവരും പൂപോലെ ചിരിച്ച് തെരുവുകളിൽ. സങ്കടങ്ങൾ കരഞ്ഞൊഴുക്കാൻ രാത്രികളില്ലാത്ത ഇങ്ങനെ എത്രപേർ... സങ്കടക്കടലിനു മീതെ നടക്കുന്നവർ...

ഇന്നും അധിക രാത്രികളിലും ഞാനും എന്റെ തത്തക്കുട്ടികളും തനി യെയാണ്. ഇപ്പോൾ ആദ്യ നക്ഷത്രം കണ്ണിൽപെടുമ്പോഴേ ഞാനും ജാഗരൂകയാകുന്നു... ജനലടച്ചില്ലേ... പിന്നെ ഏതോ ഒരോർമ്മയിൽ പതുക്കെ പറയും. പുറത്ത് മഴയുണ്ട്. ജനൽ തുറന്നിടാമല്ലേ. ഇവിടെ നിൽക്കുമ്പോഴല്ലേ ചെമ്പകത്തിന്റെ മണം ശരിക്കു വരുന്നത്.

കണ്ടും കേട്ടും നിന്ന നിലാവിനു ചിരി. നാട്യം വേണ്ട ജനൽ ചേർത്ത ടച്ചേക്കൂ...